നം. സി.ഇ.ഇ/1717/2010/കെ.ഇ.എ.എം_2011/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷ 2011 : അഡ്മിറ്റ് കാർഡ് ഓൺലൈൻ വഴി

**2011 ഏപ്രിൽ മാസം 18 മുതൽ 20 വരെ തീയതികളിൽ** നടത്തുന്ന കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡുകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും **05.04.2011** മുതൽ അപേക്ഷാർത്ഥികൾക്ക് ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്. വിദ്യാർത്ഥിയുടെ അപേക്ഷ സ്വീകരിച്ചിട്ടുള്ളപക്ഷം, വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ **വിദ്യാർത്ഥിയുടെ അപേക്ഷാ നമ്പരും അപേക്ഷയിൽ നൽകിയിട്ടുള്ള ജനനതീയതിയും** കൃത്യമായി നൽകിയതിനുശേഷം അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷാ നമ്പർ അറിഞ്ഞുകൂടാത്ത വിദ്യാർത്ഥികൾക്ക് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള "**KEAM 2011 - Get your Application Number**" എന്ന ലിങ്കിൽ നിന്നും അവരവരുടെ **പേരും പരീക്ഷാ സെന്ററും** നൽകി അപേക്ഷാ നമ്പർ കണ്ടുപിടിക്കാവുന്നതാണ്.

കേരളത്തിലുടനീളമുള്ള അക്ഷയാ സെന്ററുകളിൽ നിന്നും അപേക്ഷാർത്ഥികൾക്ക് അവരവരുടെ അഡ്മിറ്റ് കാർഡിന്റെ ഒരു കോപ്പി സൗജന്യമായി ഡൗൺലോഡ് ചെയ്ത് പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അപേക്ഷ നിരസിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാൻ സാദ്ധ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് **0471-2339102, 2339103** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
01.04.2011

**പ്രവേശന പരീക്ഷാ കമ്മീഷണർ**